**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **17-09-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി ബി.പി.ടി മുഖേന ചുവടെ പറയും പ്രകാരം വിലയിരുത്തി വരുന്നു.<br><br>1. ഓരോ കമ്പനിയ്ക്കും പ്രത്യേകം ബിസിനസ്സ് പ്ലാനും MoUഉം തയ്യാറാക്കി നൽകി അതിന്റെ പുരോഗതി ഇൻറർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനത്തിലൂടെയുള്ള വിലയിരുത്തൽ.<br><br>2. ഇന്റേണൽ ആഡിറ്റ് സംവിധാനത്തിന്റേയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനത്തിന്റേയും കൃത്യമായ അവലോകനം.<br><br>3. സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കുന്നതും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയുമുള്ള വിലയിരുത്തൽ.<br><br>കൂടാതെ, വകുപ്പ് സെക്രട്ടറി തലത്തിലും ബഹു.മന്ത്രി തലത്തിലും പ്രവർത്തന പുരോഗതിയും പ്രോജക്ടുകളുടെ നടത്തിപ്പും സമയബന്ധിതമായി നടത്തുന്ന പ്രത്യേക അവലോകനയോഗത്തിൽ വിലയിരുത്തുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; അതിന്റെ കാരണം വ്യക്തമാക്കാമോ; അത്തരം സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടിയിട്ടില്ല. മാത്രമല്ല, പുതിയതായി 3 പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം സ്ഥാപനങ്ങളുടെ ലാഭവിഹിതം സർക്കാരിലേക്ക് നൽകുന്നുണ്ടോ; എങ്കിൽ അത്തരം സ്ഥാപനങ്ങളുടെയും വിഹിതത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് 2021-2022 വർഷത്തിൽ 9.27 കോടിയും 2022-2023, 2023-2024 വർഷത്തിൽ 6.18 കോടി രൂപ വീതവും സർക്കാരിന് ലാഭവിഹിതം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ